LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതു സംബന്ധിച്ച് തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1367/15 u/s 143, 147, 451, 341, 506(1) r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഇതു സംബന്ധിച്ച് പ്രത്യേകമായി കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) കേസ് അന്വേഷണാവസ്ഥയിൽ ആണ്. 10 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കണ്ടാലറിയാവുന്ന 30-ഓളം പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ ആരെയും റിമാന്റ് ചെയ്തിട്ടില്ല. അറസ്റ്റ് ചെയ്യപ്പെട്ടവരുടെ വിവരം ചുവടെ ചേർക്കുന്നു :

1. നിയാസ് കെ. ഇസ്മായേൽ, S/o. ഇസ്മായേൽ
2. മാത്യു കെ. ജോൺ, S/o. ജോണി
3. ലിനോ ജോസ്, S/o. ജോസ്
4. റിയാദ് ഒ.എ., S/o. അസീസ്
5. ഷെഫിൻസ് വി. കെ., S/o. കുഞ്ഞുമുഹമ്മദ്
6. അൽ അമീൻ അബൂബക്കർ, S/o. അബൂബക്കർ
7. ആൽവിൻ ജോയ്, S/o. ജോയ്
8. സജു സെബാസ്റ്റ്യൻ
9. അമൽ ജോസ്, S/o. ജോസ്
10. ആംസൺ വർഗീസ്, S/o. മത്തായി വർഗീസ്

ഓൺലൈൻ പെൺവാണിഭം

254 (264) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓൺലൈൻ പെൺവാണിഭംനടത്തുന്ന സംഘങ്ങൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ഇത്തരം എത്ര സംഘങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത് ; ഇവരിൽ എത്ര പേരെയാണ് ഇതുവരെ അറസ്റ്റ് ചെയ്തിട്ടുള്ളത് ;

(ബി) ഇത്തരത്തിലുള്ള സംഘങ്ങളുടെ പ്രവർത്തനം കണ്ടെത്തുന്നതിനായി പ്രത്യേക പോലീസ് സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറോളം സംഘങ്ങളെ കണ്ടെത്തിയിട്ടുണ്ട്. 36 പേരെ ഇതുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തിട്ടുമുണ്ട്.

(ബി) ഉണ്ട്. ഇത്തരം സംഘങ്ങളുടെ പ്രവർത്തനം കണ്ടെത്തുന്നതിനായി ഒരു സ്പെഷ്യൽ ടീമിനെ സംസ്ഥാന പോലീസ് മേധാവി നിയോഗിച്ചിട്ടുണ്ട്. രഹസ്യ നിരീക്ഷണത്തിൽകൂടിയും, സൈബർ പോലീസിന്റെ സഹായത്തോടെയും ആണ് ടി സ്പെഷ്യൽ ടീം ഓൺലൈൻ പെൺവാണിഭ സംഘങ്ങളേയും സ്ത്രീകളെയും കുട്ടികളെയും കടത്തുന്ന സംഘങ്ങളേയും അറസ്റ്റ് ചെയ്തിട്ടുള്ളത്.

ബാർകോഴ

255 (265) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴയുമായി ബന്ധപ്പെട്ടപ്രശ്നത്തിൽ ആരോപണ വിധേയരായിട്ടുള്ള മന്ത്രിമാർ ആരൊക്കെയാണ് ; ആരോപണം ഉന്നയിച്ചവർ മജിസ്ട്രേറ്റ് മുമ്പാകെ നല്കിയ മൊഴികളിലും പരാതികളിലും വെളിപ്പെടുത്തലുകളിലുമായി ഏതെല്ലാം മന്ത്രിമാരാണ് കൈക്കൂലി ആവശ്യപ്പെട്ടതായും വാങ്ങിയിട്ടുള്ളതായും പ്രസ്താവിച്ചിട്ടുള്ളത് ; ബാർ ലൈസൻസ് ഫീ കുറക്കാൻ മന്ത്രി ശ്രീ കെ.ബാബു എത്ര കോടി കൈക്കൂലി വാങ്ങി എന്നായിരുന്ന ആക്ഷേപം ;

(ബി) എക്സൈസ് മന്ത്രിയ്ക്കെതിരെ, ലഭിച്ച എല്ലാ മൊഴികളും രേഖപ്പെടുത്തുകയും പ്രസ്താവനകളും ശബ്ദരേഖകളും ഉൾപ്പെടെ എല്ലാം കസ്റ്റഡിയിൽ എടുത്ത് അന്വേഷണ സംഘം പരിശോധിക്കുകയും ചെയ്തിട്ടുണ്ടോ ; ആരിൽ നിന്നെല്ലാം മൊഴികൾ എടുക്കുകയുണ്ടായി ; എന്തെല്ലാം രേഖകൾ പിടിച്ചെടുത്തു ; ശേഖരിച്ച തെളിവുകൾ എന്തെല്ലാം ; മൊഴികൾ പൂർണ്ണമായി രേഖപ്പെടുത്തുകയുണ്ടായില്ലെന്ന ആക്ഷേപത്തിൽ നിലപാട് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly